## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 2263** — **06.10.2016** ൽ മറുപടിയ്ക്ക്

### മുൻ സർക്കാർ ഭരണകാലത്ത് നൽകിയിട്ടുള്ള ഭൂമിയും പട്ടയങ്ങളും

**ചോദ്യം**

**ശ്രീ. പി.കെ.ശശി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മുൻ സർക്കാർ ഭൂമിയും പട്ടയവുമില്ലാത്തവർക്ക് ഭൂമിയും പട്ടയവും നൽകുവാനും ഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകാനും സ്വീകരിച്ച വന്ന വ്യവസ്ഥകൾ എന്തെല്ലാം; ഉത്തരവ് പകർപ്പുകൾ ലഭ്യമാക്കാമോ; | (i) ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി മുൻ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം-2015 എന്ന പദ്ധതി ആവിഷ്കരിക്കുകയും ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി മൂന്ന് സെന്റ് ഭൂമി വീതം നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ടി പട്ടികയുടെ സീനിയോറിറ്റി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ലഭ്യത അനുസരിച്ച് മൂന്ന് സെന്റ് വീതം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം1 ആയി ചേർക്കുന്നു. കുടുംബ വാർഷിക വരുമാനം 75000/- രൂപയിൽ താഴെയായിട്ടുള്ളതും പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കാൻ സാദ്ധ്യതയില്ലാത്തതും പദ്ധതി പ്രഖ്യാപിച്ച 09.03.2012 -ന് ശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടില്ലാത്തതും, സംസ്ഥാനത്ത് ജനിച്ച് സ്ഥിര താമസമാക്കിയിട്ടുള്ളതുമായ കുടുംബങ്ങൾക്ക് ഭൂമി നൽകാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ടി ഭൂമി 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയിലാണ് പട്ടയം അനുവദിച്ചിട്ടുള്ളത്.<br>(ii) കൈവശമുള്ള ഭൂമിക്ക് ടി കക്ഷികളുടെ അപേക്ഷയിൻമേൽ സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരാത്ത ഭൂമി കേരള ഭൂമിപതിവ് നിയമങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പതിച്ച് നൽകുന്നു. ആയത് പ്രകാരം 01-08-1971-ന് മുമ്പ് കൈവശമുള്ള ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടം പ്രകാരവും, 1995-ലെ മുൻസിപ്പൽ/കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും പട്ടയം വിതരണം ചെയ്യുന്നു. |

| | | |
|---|---|---|
| | | പത്തനംതിട്ട ജില്ലയിൽ താഴെപ്പറയുന്ന ഗവൺമെന്റ് ഉത്തരവുകളുടെയും കേരള ഭൂമി പതിവ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം 2 മുതൽ 10 വരെയായി ചേർക്കുന്നു.<br>1) ജി.ഒ(എം.എസ്)484/15/റവ.<br>2) ജി.ഒ(എം.എസ്)289/15/റവ.<br>3) ജി.ഒ(എം.എസ്)505/15/റവ.<br>4) ജി.ഒ(എം.എസ്)50/11/റവ.<br>5) ജി.ഒ.(എം.എസ്)402/15/റവ<br>6) ജി.ഒ(എം.എസ്)541/15/റവ<br>7) ജി.ഒ(എം.എസ്)507/15/റവ.<br>8) ജി.ഒ(എം.എസ്)522/15/റവ.<br>9) ജി.ഒ(എം.എസ്)174/16/റവ.<br><br>കണ്ണൂർ ജില്ലയിൽ രണ്ടു കേസുകളിൽ സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഭൂമി പതിച്ച നൽകിയിട്ടുണ്ട്.<br>1) ജി.ഒ(എം.എസ്)154/16/റവ. തീയതി. 24-02-2016 പ്രകാരം തളിപ്പറമ്പ താലൂക്ക് പട്ടുവം അംശം അരിയിൽ ദേശത്ത് റീസർവ്വെ 132/1, 78/9-ൽപ്പെട്ട 7.28403 ഏക്കർ സ്ഥലം പട്ടുവം ദീനസേവന സഭയ്ക്ക് പതിച്ച നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 11 ആയി ചേർക്കുന്നു.<br>2) ജി.ഒ(എം.എസ്)130/2016/റവ. തീയതി. 18-02-2016 പ്രകാരം കണ്ണൂർ താലൂക്ക് ചിറയ്ക്കൽ അംശം പുഴാതി ദേശത്തു റീസർവ്വെ 17/4 ൽപ്പെട്ട 5-സെന്റ് സ്ഥലം ശ്രീമതി.എരമംഗലത്ത് ചിത്രലേഖ എന്നിവർക്ക് പതിച്ച നൽകിയിട്ടുണ്ട്.<br>പകർപ്പ് അനുബന്ധം 12 ആയി ചേർക്കുന്നു. |
| (ബി) | മുൻ സർക്കാർ വ്യവസ്ഥകളും നിയമങ്ങളും ഉത്തരവുകളും ലംഘിച്ച് ഭൂമി പതിച്ച നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർകോഡ് ജില്ലകളിൽ വ്യവസ്ഥകളും നിയമങ്ങളും ഉത്തരവുകളും ലംഘിച്ച് ഭൂമി പതിച്ച നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എന്നാൽ ജി.ഒ.(എം.എസ്)130/2016/റവ തീയതി.18-02-2016 പ്രകാരം കണ്ണൂർ താലൂക്ക് ചിറയ്ക്കൽ അംശം പുഴാതി ദേശത്തു റീസർവ്വെ 17/4 ൽപ്പെട്ട 5-സെന്റ് സ്ഥലം ശ്രീമതി.എരമംഗലത്ത് ചിത്രലേഖ എന്ന ആളിന് പതിച്ച നൽകിയതിന് എതിരായി ചിറയ്ക്കൽ വില്ലേജ് നിവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി അനധികൃത പട്ടയങ്ങളും അതിനായി മുൻ സർക്കാർ കൊണ്ടുവന്ന ഉത്തരവുകളും റദ്ദാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (ഡി) | മുൻ സർക്കാർ ഭരണകാലത്ത് നൽകിയിട്ടുള്ള അനധികൃത പട്ടയങ്ങൾ എത്ര എന്നും അവ കണ്ടെത്താനായി നടത്തുന്ന നടപടികൾ എന്തെല്ലാം എന്നും ഇവ നൽകാൻ കൂട്ടുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും അന്വേഷണം നിലവിലുണ്ടോയെന്നും എന്തു നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | അനധികൃത പട്ടയങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

T. [signature]

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**